(എ) ഉണ്ട്.

(ബി) 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുള്ളതും പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാനിടയുള്ളതായി 27-1-1994-ലെ എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ ഷെഡ്യൂൾ ഒന്ന് പ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രപരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ആവശ്യമാണ്.

(സി) പശ്ചാത്തല സൗകര്യങ്ങളുടെ ഭാഗമായാണ് നാല് ഗ്രോത്ത് സെന്ററുകൾ അനുവദിക്കുകയും അതിന്റെ വിഹിതമായ 20 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളത്. ഇപ്പോൾ അവർ ആ പദ്ധതി നിർത്തലാക്കിയിരിക്കുകയാണ്.

9 (*125) തിരുവനന്തപുരം സിറ്റി മെട്രോ നഗരമാക്കാൻ നടപടി

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി ഒരു മെട്രോനഗരമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഭാഗമായി ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം സിറ്റിയിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇതിനെതിരെ ഏതെങ്കിലും സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം സിറ്റിയിൽ ലയിക്കാനുദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ലയനത്തെ അംഗീകരിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ;

(ഇ) വികസിതമല്ലാത്ത ഗ്രാമപഞ്ചായത്തുകൾ സിറ്റി കോർപ്പറേഷനോട് ചേർക്കുന്നപക്ഷം നിലവിലുള്ള കോർപ്പറേഷൻ ഏരിയായിലും പുതുതായി ചേർക്കുന്ന ഏരിയായിലും വികസനപ്രവർത്തനം സംബന്ധിച്ച് സന്തുലിതാവസ്ഥ ഉണ്ടാവുമോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം നഗരസഭയിൽ ലയിപ്പിച്ച് 1-10-2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതിനെതിരെ പഞ്ചായത്ത് സംരക്ഷണ സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) 30-11-00 ലെ വിജ്ഞാപനപ്രകാരം തിരുവനന്തപുരം നഗരസഭയോട് ലയിപ്പിച്ചിട്ടുള്ള ഉള്ളൂർ, നേമം, ആറ്റിപ്ര, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ ലയനത്തിന് അനുകൂലമായി പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വികസനത്തിന്റെ കാര്യത്തിൽ തിരുവനന്തപുരം നഗരസഭയുടെ സമീപ ഗ്രാമപഞ്ചായത്തുകൾ നഗരഭാവം ഉൾക്കൊണ്ടു കഴിഞ്ഞവയാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനകീയപങ്കാളിത്തത്തോടുകൂടി ഓരോ പ്രദേശത്തേയും വികസനം ലക്ഷ്യമാക്കി അതതു പ്രദേശത്തിനു യോജിച്ച പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതുമൂലം വികസന പ്രവർത്തനം സംബന്ധിച്ച് സന്തുലിതാവസ്ഥ ഉണ്ടാവുമെന്ന് കരുതുന്നില്ല.

10 (*126) വൃദ്ധ സദനങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. വി.സി. കബീർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തേവാസികളിൽനിന്നും പ്രതിഫലമീടാക്കി സ്വകാര്യ വ്യക്തികളും ഏജൻസികളും വിവിധ പേരുകളിൽ സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃദ്ധസദനങ്ങൾ തുടങ്ങുവാൻ സർക്കാരിന്റെ അനുമതിയോ രജിസ്ട്രേഷനോ ആവശ്യമുണ്ടോ;

(സി) സംസ്ഥാനത്തിന്റെ മാറിയ സാമൂഹ്യാന്തരീക്ഷം കണക്കിലെടുത്ത് സർക്കാർ തലത്തിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സദനങ്ങൾ ആരംഭിക്കുവാനും വൃദ്ധസദനങ്ങൾക്ക് നിലവാരം നിശ്ചയിക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സാധുവൃദ്ധ ജനങ്ങളുടെ പുനരധിവാസം - പരിപാലനം - സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. വൃദ്ധ സദനങ്ങളുടെ നിലവാരം നിശ്ചയിക്കാനും സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് രജിസ്ട്രേഷൻ നടത്താനും ഇപ്പോൾ തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്.

11 (*127) വികലാംഗക്ഷേമ പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീമതി എൻ.കെ. രാധ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വികലാംഗക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly